<u>**15 -ാം കേരള നിയമസഭ**</u>

<u>**12 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 401**</u> <u>**07-10-2024 - ൽ മറുപടിയ്ക്ക്**</u>

<u>**കുണ്ടറ മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കുണ്ടറ മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിന് ഇളംമ്പള്ളൂർ, കുണ്ടറ ഗ്രാമപഞ്ചായത്തുകൾ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ എം.എൽ.എ. യുടെ പ്രതിനിധി, കെ.എസ്.ആർ.ടി.സി.യുടെ പ്രതിനിധി, കുണ്ടറ, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവർ ചേർന്ന് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന് വേണ്ടി മൂന്ന് സ്ഥലങ്ങൾ പരിശോധിച്ചു. കുണ്ടറ ഗ്രാമപഞ്ചായത്തിൽ അനുയോജ്യമായ സ്ഥലം ലഭ്യമല്ല. കുണ്ടറയിലെ മുക്കട ജംഗ്ഷന് സമീപം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയെങ്കിലും ആയത് സ്വകാര്യ വ്യക്തിയുടെ സ്ഥലം ആയതിനാൽ അക്വയർ ചെയ്യുന്നെങ്കിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിന് വേണ്ടി സ്ഥലത്തിന്റെ സർവ്വേ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഇളമ്പള്ളൂർ വില്ലേജ് ഓഫീസർക്ക് ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകുകയും കത്തിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസിൽ നിന്നും സെക്രട്ടറിയ്ക്ക് ലഭ്യമാക്കിയ ഭൂമി സംബന്ധമായ വിവരങ്ങൾ തുടർനടപടികൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർക്ക് അയച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ